പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2012 — 17.12.2012 ൽ മറുപടിക്ക്

## സദാചാര പോലീസ് അതിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര സദാചാര പോലീസ് അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) | റിപ്പോർട്ട് ചെയ്തിട്ടുള്ള 32 ''സദാചാര പോലീസ്'' അക്രമ സംഭവങ്ങളിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 177 പ്രതികൾ ഉള്ളതിൽ 6 പ്രതികൾ ഒഴികെ ബാക്കി എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് സദാചാര പോലീസ് അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെ നേരിടാൻ ശക്തമായ നടപടി സ്വീകരിക്കുമോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) | പട്രോളിംഗും ബീറ്റ് ഡ്യൂട്ടിയും ശക്തിപ്പെടുത്തിയും ജനമൈത്രി സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തിയും ഇത്തരം സംഭവങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ